സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ നിലവിലെ അവസ്ഥ

7(*187) ശ്രീ. സി. കൃഷ്ണൻ :

ശ്രീ. എം. ഹംസ :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിനു മുൻ സർക്കാർ കാണിച്ച ജാഗ്രതയും പരിഗണനയും ഈ സർക്കാരിന്റെ കാലത്ത് പാലിക്കപ്പെടുന്നില്ല എന്ന പരാതി വിലയിരുത്തിയിട്ടുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളും മറ്റ് ഏജൻസികളും സഹകരിച്ചുകൊണ്ടാണ് ഇപ്പോൾ സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിവരുന്നത്. ഗ്രാമീണ മേഖലയിലെ എല്ലാ ഭവനങ്ങളുടെയും വൈദ്യുതീകരണം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയായ ആർ.ജി.ജി.വി.വൈ.-(രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന) യിലൂടെയാണ് സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യം നടപ്പിലാക്കിവരുന്നത്. ടി പദ്ധതിയിലൂടെ 124981 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കാൻ കഴിഞ്ഞതിൽ 112896 വീടുകൾ ബി.പി.എൽ. കുടുംബങ്ങളുടേതാണ്. ബി.പി.എൽ. വിഭാഗക്കാർക്ക് സൗജന്യമായിട്ടാണ് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത്. ആർ.ജി.ജി.വി.വൈ. പ്രകാരമുള്ള പദ്ധതിയുടെ പ്രവൃത്തികൾ 2015 നവംബർ മാസത്തോടെ എല്ലാ ജില്ലകളിലും പൂർത്തീകരിക്കുകയുണ്ടായി. പുതിയതായി നിലവിൽ വന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡി.ഡി.യു.ജി.ജെ.വൈ. (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന) പ്രകാരം ഗ്രാമീണ മേഖലയിൽ ശേഷിക്കുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കുകൂടി വൈദ്യുത കണക്ഷനുകൾ നൽകാനാകും. ഇത്തരത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യം മുൻനിർത്തി ഊർജ്ജിതമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്നതാണ് സമ്പൂർണ്ണ വൈദ്യുതീകരണംവഴി ലക്ഷ്യമിടുന്നത്. അനുദിനം പുതുതായി വീടുകൾ വന്നുകൊണ്ടിരിക്കുന്നതിനാൽ വൈദ്യുതീകരണ പ്രവൃത്തികൾ എപ്പോഴും തുടർന്നു കൊണ്ടിരിക്കേണ്ടതുണ്ട്. കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതമൂലം എല്ലാ സ്ഥലങ്ങളിലും വൈദ്യുത വിതരണ ശൃംഖല എത്തിക്കുന്നത് പ്രായോഗികമല്ല. അതുപോലെ വനപ്രദേശങ്ങളിൽ ലൈനുകൾ വലിക്കുന്നതിന് വനം വകുപ്പിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ട്. ഇവയെല്ലാം സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടാക്കുന്നുണ്ട്.

(സി) പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഈ സർക്കാർ വേണ്ടത്ര ജാഗ്രത പാലിക്കുന്നുണ്ട്. 2008-2009 സാമ്പത്തിക വർഷത്തിൽ തുടക്കംകുറിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും തുടർന്നുവരുന്നു. നിയോജകമണ്ഡലം തിരിച്ചുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയാണ് മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പദ്ധതികളാണ് ഇപ്പോൾ നടന്നുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 12533 സർവ്വീസ് കണക്ഷനുകൾ (31-5-2011-ലെ കണക്കുകൾ പ്രകാരം) നൽകാൻ ബാക്കിയുണ്ടായിരുന്നു. എന്നാൽ 31-10-2015-ലെ കണക്കുകൾ പ്രകാരം 1095 സർവ്വീസ് കണക്ഷനുകൾ മാത്രമേ നൽകാൻ ബാക്കിയുള്ളൂ. ഇതിൽ 667 ഗാർഹിക കണക്ഷനുകൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇവയിൽ പ്രോപ്പർട്ടി ക്രോസിംഗ് സംബന്ധിച്ച തടസ്സങ്ങൾ തുടങ്ങിയ നിയമ/സാങ്കേതിക പ്രശ്നങ്ങളില്ലാത്തവ എല്ലാം തന്നെ ഒരു മാസത്തിനുള്ളിൽ നൽകാൻ കഴിയുന്നതാണ്. പുതിയതായി വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്നവരുടെ കണക്ഷനുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നൽകുന്നതാകും.

ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ പദ്ധതി

8(*188) ശ്രീ. പാലോട് രവി :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങൾക്ക് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly